# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

**വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011**

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സാജമ്മ. ജെ. പുന്നൂർ | : | അദ്ധ്യക്ഷ |
| ആൻസി പോൾ . സി | : | അംഗം |
| ഫ്രാൻസിസ്. എ. സി | : | അംഗം |

**ഒ.പി. നം. 103 /2023-24**

പരാതിക്കാരൻ :

1. **ശ്രീമതി. പാത്തുമ്മ മുജീബ്. സി, തിരുവങ്ങാട്ട് തടത്തിൽ ഹൗസ്, ചേലേമ്പ്ര പി. ഒ, കോഴിക്കോട്.**

എതിർകക്ഷികൾ :

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഫറോക്ക്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,രാമനാട്ടുകര, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

# ഉത്തരവ്

പരാതി:-

പരാതിക്കാരിക്ക് LT IV A താരിഫിൽ 16.38 KW കണക്ടഡ് ലോഡോടുകൂടി 1166333029624 കൺസ്യൂമർ നമ്പറായുള്ള ഒരു ത്രീ ഫേസ് കണക്ഷൻ രാമനാട്ടുകര സെക്ഷനുകീഴിൽ ഉണ്ട്. 06-07-2022 തിയ്യതിയിൽ എ.പി.ടി.എസ് ടി പ്രിമിസസിൽ നടത്തിയ പരിശോധനയിൽ 39.107 KW അനധികൃത അധിക ലോഡ് കണ്ടെത്തുകയും, വൈദ്യുതി നിയമം 2003 സെക്ഷൻ 126 അനുസരിച്ച് 1,37,393/- രൂപ അസസ്സ് ചെയ്യുകയും ടി തുക പരാതിക്കാരി അടവാക്കുകയും ചെയ്തിട്ടുണ്ട്. 26-08-2022 ൽ പരാതിക്കാരി പുതിയ 2 കണക്ഷനുകൾ എടുത്ത് ലോഡ് നിയമാനുസൃതമാക്കിയിട്ടുണ്ട്. 31-12-2022 ൽ 07/2022 ലും 08/2022 ലും പരാതിക്കാരിക്ക് മുൻകാലങ്ങളിലെ ഉപഭോഗംതന്നെ ഉണ്ടായിരുന്നതായി കണ്ടതിനാലും അധിക ലോഡിന്റെ ഫിക്സഡ് ചാർജ്ജ് ടി മാസങ്ങളിൽ ഈടാക്കിയിട്ടില്ലാത്തതിനാലും 16,540/- രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് ബിൽ നൽകുകയുണ്ടായി. ടി ബില്ല് ഒഴിവാക്കിതരണം എന്ന് പരാതിക്കാരി അപേക്ഷിക്കുന്നു.

പരാതിക്കാരിയുടെ വിശദീകരണം:-

പരാതിക്കാരിയുടെ സ്വയം തൊഴിൽ സംരംഭമായ ആശാരിപ്പണി നടത്തുന്ന ഷെഡിൽ എ.പി.ടി.എസ് പരിശോധന നടത്തി 1,37,393/- രൂപയുടെ പിഴ ചുമത്തിയെന്നും ടി തുക പരാതിക്കാരൻ അടച്ചുവെന്നും, കൂടാതെ ലോഡ് കുറക്കുന്നതിനായി 36211, 36212 എന്നീ നമ്പറുകളിൽ പുതിയ കണക്ഷനുകൾ എടുത്തിട്ടുണ്ടെന്നും പരാതിക്കാരൻ വ്യക്തമാക്കുന്നു. പരാതിക്കാരന് ഇനിയും പിഴ അടക്കുവാൻ സാധിക്കില്ലെന്നും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണെന്നും ലോൺ എടുത്ത് തുടങ്ങിയ സംരംഭം ഇപ്പോൾ തകർച്ചയിലാണെന്നും ആയതിനാൽ കെ. എസ്. ഇ. ബി യുടെ ഈ അനധികൃത പിഴയിൽ നിന്ന് പരാതിക്കാരിയെ ഒഴിവാക്കിതരണമെന്നും പരാതിക്കാരി ഫോറത്തോട് അപേക്ഷിക്കുന്നു.

എതിർകക്ഷിയുടെ വിശദീകരണം :-

പരാതിക്കാരിയായ ശ്രീമതി. പാത്തുമ്മ മുജീബ്. സി, (കൺസ്യൂമർനമ്പർ 1166999029624) എന്നവർ രാമനാട്ടുകര ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ LT IV-A താരിഫോടുകൂടി 16.38 കണക്ടഡ് ലോഡുള്ള ഒരു ത്രീഫേസ് ഉപഭോക്താവാണ്. 06-07-2022 ന്

ടി പ്രിമിസസിൽ എ.പി.ടി.എസ് നടത്തിയ പരിശോധനയിൽ ഇലക്ട്രിസിറ്റി നിയമം 2003 ലെ സെക്ഷൻ 126 പ്രകാരം അനധികൃതമായി വൈദ്യുതികണക്ഷൻ രണ്ടു ഷെഡുകളിലേക്കുകൂടി 39.107kW കൂടുതൽ ഉപയോഗിക്കുന്നതായി കണ്ടെത്തുകയും അതുപ്രകാരം 02-07-2021 മുതൽ 06-07-2022 വരെയുള്ള കാലയളവിലേക്ക് മൂല്യനിർണ്ണയം നടത്തി 1,37,393/- രൂപയുള്ള ബില്ല് 21-07-2022 ന് പരാതിക്കാരിക്ക് നൽകുകയും ചെയ്തു. 5 തവണകളായി ടി തുക പരാതിക്കാരി അടക്കുകയും ചെയ്തിട്ടുള്ളതാണ്. അതിനു ശേഷം പുതിയ സർവ്വീസ് കണക്ഷനുവേണ്ടി പരാതിക്കാരി അപേക്ഷിക്കുകയും 26-08-2022 ന് LT I V താരിഫിൽ 2 കണക്ഷനുകൾ എടുക്കുകയും ചെയ്തു.

എന്നാൽ 31-12-2022 ന് കോഴിക്കോട് റീജിണൽ ഓഡിറ്റ് ഓഫീസർ രാമനാട്ടുകര സെക്ഷനിൽ നടത്തിയ ഓഡിറ്റിങ്ങിൽ 07/2022 മുതൽ 11/2022 വരെ അനധികൃതമായി വൈദ്യുതി ഉപയോഗിച്ചതിനാൽ ഈ കാലയളവിലേക്കുള്ള ഫിക്സഡ്ചാർജ്ജ് അടക്കുവാൻ പരാതിക്കാരി ബാധ്യസ്ഥയാണെന്നതിനാൽ 40,678/- രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് ബില്ലുകൂടി 12-02-2024 ന് നൽകുകയും ചെയ്തു.

എ.പി.ടി.എസ് പരിശോധനക്ക് ശേഷം പരാതിക്കാരി അധിക ലോഡ് ഉപഭോഗം കുറക്കുകയും പുതിയ കണക്ഷനുകൾ എടുക്കുകയും ചെയ്തതിനാൽ അധിക ഉപഭോഗത്തിന് ചുമത്തിയ പിഴ ഒഴിവാക്കിതരണമെന്ന് അപേക്ഷിച്ചതിൻപ്രകാരം 07/2022 ൽ റീജിണൽ ഓഡിറ്റ് ഓഫീസർ പരിശോധിച്ചപ്പോൾ 01-09-2022 വരെ ഉപഭോഗത്തിൽ യാതോരു കുറവും ഉണ്ടായിട്ടില്ലെന്നും 01-09-2022 ന് ശേഷമാണ് ഉപഭോഗകുറവു ഉണ്ടായതെന്നും കണ്ടെത്തിയിരുന്നു.

ആയതിൻപ്രകാരം 07-2022 മുതൽ 11-2022 വരെയുള്ള കാലയളവിലേക്കുള്ള ബില്ല് പിൻവലിച്ച് 07-2022 മുതൽ 08-2022 വരെയുള്ള കാലയളവിലേക്ക് 16,540/- രൂപയുടെ പുതിയ ബില്ല് നൽകുകയാണുണ്ടായത്. എ.പി.ടി.എസ് പരിശോധനക്ക് ശേഷം 2 മാസങ്ങൾക്കുശേഷമാണ് പരാതിക്കാരി പുതിയ കണക്ഷനുകൾ എടുത്തിട്ടുള്ളത്. ടി പരിശോധനക്ക് ശേഷം വൈദ്യുതി ഉപഭോഗംകുറഞ്ഞു എന്ന പരാതിക്കാരിയുടെ വാദം തെളിയിക്കപ്പെട്ടിട്ടില്ല എന്നും 01-09-2022 ന് ശേഷം മാത്രമാണ് ഉപഭോഗം കുറഞ്ഞതെന്നും ആയതിനാൽ 16,540/- രൂപയുടെ പുതിയ ബില്ല് അടക്കുവാൻ പരാതിക്കാരി

ബാധ്യസ്ഥയാണെന്നും  ടി ബില്ല് അടക്കുന്നതിനുള്ള നിർദ്ദേശം പരാതിക്കാരിക്ക് നൽകി പരാതി തള്ളികളയണമെന്നും എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

<u>അവലോകനവും  കണ്ടെത്തലും</u>:-

ഈ കേസിന്റെ വിചാരണ 24-04-2024 ന് കോഴിക്കോട് സി ജി ആർ എഫിലെ കോർട്ട് ഹാളിൽ വച്ച് നടന്നു. പരാതിക്കാരിയും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

രാമനാട്ടുകര  സെക്ഷനു കീഴിൽ 1166999029624 കൺസ്യൂമർ നമ്പറിൽ 16.38kW കണക്റ്റഡ് ലോഡോടുകൂടിയ LT IV-A താരിഫിൽ ഉള്ള ഒരു ത്രീഫേസ് കണക്ഷനാണ് പരാതിക്കാരിക്കുള്ളത്. 06-07-2022 ൽ എ.പി.ടി.എസ് പ്രസ്തുത പ്രിമിസസിൽ നടത്തിയ പരിശോധനയിൽ 39.107kW അനധികൃത അധിക ലോഡ് കണ്ടെത്തുകയും ആയതിന് ഇലക്ട്രിസിറ്റി നിയമം 2003 ലെ സെക്ഷൻ 126 പ്രകാരം 1,37,393/-രൂപ കണക്കാക്കുകയും ടി തുക പരാതിക്കാരി അടവാക്കുകയും ചെയ്തിട്ടുണ്ട് എന്ന് എതിർകക്ഷി അറിയിക്കുന്നു.

അതിനുശേഷം  പരാതിക്കാരി പുതിയ സർവ്വീസ് കണക്ഷനുകൾക്ക്  അപേക്ഷ നൽകുകയും 26-08-2022 ന് 12 kW ന്റെയും 8 kW ന്റെയും 2 പുതിയ കണക്ഷനുകൾകൂടി പരാതിക്കാരിക്ക് നൽകി ലോഡ് ക്രമപ്പെടുത്തിയിട്ടുണ്ട് എന്ന് എതിർകക്ഷി അറിയിച്ചു.

എ.പി.ടി.എസ് നടത്തിയ പരിശോധനയിൽ പരാതിക്കാരി അടുത്തുള്ള 2 ഷെഡുകളിൽ കൂടി കണക്ഷൻ നീട്ടി അനധികൃത അധിക ലോഡ് ഉപയോഗിക്കുന്നതായികണ്ടു എന്നാണ് എതിർകക്ഷി അറിയിക്കുന്നത്. കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 154(2) പ്രകാരം 24 മണിക്കൂറിനുള്ളിൽ അനധികൃത സപ്ലൈ, വിച്ഛേദിക്കാനുള്ള നോട്ടീസ് നൽകേണ്ടതും ഉപഭോക്താവ് പ്രസ്തുത സപ്ലൈ വിച്ഛേദിച്ചില്ലെങ്കിൽ കണക്ഷൻ വിഛേദിക്കേണ്ടതുമാണ്. എന്നാൽ എതിർകക്ഷി പരാതിക്കാരിക്ക് കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 154(2) പ്രകാരം നോട്ടീസ് നൽകുകയോ തുടർനടപടി എടുക്കുകയോ ചെയ്തിട്ടില്ല.

എ.പി.ടി.എസ് ന്റെ പരിശോധനമുതൽ പുതിയകണക്ഷൻ എടുക്കുന്നതുവരെ അധിക ലോഡ് ഉപയോഗിച്ചിട്ടില്ല എന്നും എ.പി.ടി.എസ് ന്റെ പരിശോധന സമയത്ത്

പകരം ഉപയോഗിക്കാനുള്ള ഉപകരണങ്ങളുടെ ലോഡും കൂടി എടുത്തതുകൊണ്ടാണ് 39.107kW വന്നതെന്നും യഥാർത്ഥത്തിൽ 20kW അധിക ലോഡ് ആവശ്യമുണ്ടായിരുന്നുള്ളൂ എന്നും 12kW ന്റെയും 8 kW ന്റെയും 2 കണക്ഷനുകളാണ് പരാതിക്കാരിയുടെ സർവ്വീസ് കണക്ഷൻ അപേക്ഷകളിൻമേൽ പരിശോധന നടത്തി എതിർകക്ഷി അനുവദിച്ചുനൽകിയിട്ടുള്ളതെന്നും പരാതിക്കാരിയും അറിയിക്കുന്നു.

റീജിണൽ ഓഡിറ്റ് ഓഫീസ് വിങ്ങിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 07/2022 ലും 08/2022 ലും പരാതിക്കാരിയുടെ വൈദ്യുതി ഉപഭോഗത്തിൽ കുറവ് വന്നിട്ടില്ലെന്നും 26-08-2022 ൽ പുതിയ 2 കണക്ഷനുകൾ കൂടി എടുത്തതിനുശേഷമാണ് കുറവ് വന്നിട്ടുള്ളതെന്നും എതിർകക്ഷി അറിയിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ നിന്നും ആയത് ശരിയാണെന്ന് ഫോറത്തിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. 12 kW ന്റെയും 8 kW ന്റെയും 2 കണക്ഷനുകൾ അനുവദിക്കുക വഴി പരാതിക്കാരിക്ക് 20kW അധിക ലോഡ് മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ എന്നും ഫോറം മനസ്സിലാക്കുന്നു. ആയതിനാൽ അധിക ലോഡ് ആയി ഉണ്ടായിരുന്ന 20 kW ന്റെ ഫിക്സഡ് ചാർജ്ജ് 07/2022 ലും 08/2022 ലും എതിർകക്ഷി ഈടാക്കുന്നതാണ് നിയമാനുസൃതം എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

<u>തീരുമാനം:-</u>

- എതിർകക്ഷി പരാതിക്കാരിക്ക് 29-02-2024 ന് നൽകിയ 16,540/- രൂപയുടെ ബില്ല് ഫോറം റദ്ദാക്കിയിരിക്കുന്നു.
- എതിർകക്ഷി 20 kW അധിക ലോഡിന്റെ ഫിക്സഡ് ചാർജ്ജ് 07/2022 ലും 08/2022 ലും കണക്കാക്കി പരാതിക്കാരിക്ക് ഷോർട്ട് അസസ്സ്മെന്റ് ബില്ല് നൽകേണ്ടതാണ്.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് മെയ്യ് മാസം 15 -)0 തിയ്യതി.

| *Sd/-* | *Sd/-* | *Sd/-* |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ആൻസി പോൾ . സി, | സാജമ്മ. ജെ. പുന്നൂർ |
| അംഗം | അംഗം | അദ്ധ്യക്ഷ |

**അയയ്ക്കുന്നത്:**

1. **ശ്രീ. പാത്തുമ്മ മുജീബ്. സി,**
**തിരുവങ്ങാട്ട് തടത്തിൽ ഹൗസ്,**
**ചേലേമ്പ്ര പി. ഒ,**
**കോഴിക്കോട്.**

**ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച്30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്‌ക്വയറിന് സമീപം എറണാകുളം,കേരള– 682016 (ഫോൺ 0484- 2346488)**

2. **അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ,**
**ഇലക്ട്രിക്കൽ സബ് ഡിവിഷൻ,**
**കെ.എസ്.ഇ.ബി ലിമിറ്റഡ്,**
**ഫറോക്ക്, കോഴിക്കോട് ജില്ല.**

**കോപ്പി സമർപ്പിക്കുന്നത് :**

**ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട് .**

**കോപ്പി സമർപ്പിക്കുന്നത് :**

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. **ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ**
**ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട് ,**
**കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.**

3. **എക്സിക്യൂട്ടീവ് എൻഞ്ചിനീയർ**
**ഇലക്ട്രിക്കൽ ഡിവിഷൻ, ഫറോക്ക്,**
**കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് ജില്ല.**

4. **അസിസ്റ്റൻറ് എൻജിനീയർ,**
**ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി**
**ലിമിറ്റഡ്, രാമനാട്ടുകര, കോഴിക്കോട് ജില്ല.**

Forwarded

Sd/-

**Chairperson**